ചെക്ക് പോസ്റ്റുകളിൽ ലീഗൽ മെട്രോളജിയുടെ പരിശോധനാ സംവിധാനം

133(1390) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ലീഗൽ മെട്രോളജി അധികൃതർ നടത്തിയ മിന്നൽപ്പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് എല്ലാ ചെക്ക് പോസ്റ്റുകളിലും ലീഗൽ മെട്രോളജിയുടെ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് കമ്പനികളുടെ പാൽ പായ്ക്കറ്റുകളിൽ അളവിൽ കുറവും മറ്റ് രണ്ട് കമ്പനികളുടെ പാൽ പായ്ക്കറ്റുകളിൽ പായ്ക്കിംഗ് തീയതി രേഖപ്പെടുത്താതിരുന്നതും കണ്ടെത്തി പാക്കേജ്ഡ് കമ്മോഡിറ്റി നിയമലംഘനത്തിന് കേസെടുത്ത് 35000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. കൂടാതെ അമിതഭാരം കയറ്റി വന്ന ലോറികൾ വെയ്ബ്രിഡ്ജുകളിൽ വീണ്ടും തൂക്കി നോക്കി ക്രമക്കേടുകൾ കണ്ടെത്തുകയും ലോറി ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തു.

(ബി) ചെക്ക് പോസ്റ്റുകളിൽ ലീഗൽ മെട്രോളജി വകുപ്പ് ഇപ്പോൾ സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്. എല്ലാ ചെക്ക് പോസ്റ്റുകളിലും ലീഗൽ മെട്രോളജി വകുപ്പിന്റെ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പാൽക്ഷാമം പരിഹരിക്കുവാൻ നടപടി

134(1391) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽക്ഷാമം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാൽക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകളുടെ പരിധിയിലുള്ള നഗര പ്രദേശങ്ങളിൽ വിതരണം നടത്തുന്ന പാലിന്റെ ലഭ്യതയിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനത്തു നിന്നും

LIBRARY ARCHIVES Kerala Legislative Assembly